നം.കെ.എസ്.എ.പി.റ്റി.എ.പി10/669/2017 തീയതി : 22.06.2017

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപ്പഞ്ചായത്ത് 01.11.2016 മുതൽ 23.05.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.05.2017 മുതൽ 31.05.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി പി.കെ.വിജയലക്ഷ്മി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീ. പി.ബി.അരുൺ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ പി. അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. പ്രസന്ന വിജയകുമാർ | 01.04.2016 മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ.സുനിൽ കുമാർ. ബി | 01.04.2016 മുതൽ 31.03.2017വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

സൂചിക


| ക്രമനം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തനത് വരുമാനം | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| | ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 9 | സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന്റെ വസ്തുനികുതി ഈടാക്കുന്നില്ല | 2-1 |
| 10 | സഹകരണബാങ്ക് കെട്ടിടങ്ങളെ | 2-2 |

| | | |
|---|---|---|
| | വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി | |
| 11 | വിമുക്തഭടന്മാർക്ക് അനർഹമായി വസ്തുനികുതി ഇളവ് അനുവദിച്ചു | 2-3 |
| 12 | വസ്തുനികുതി പരിഷ്കരണത്തിലെ അപാകതകൾ | 2-4 |
| | ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹന വിതരണം - പദ്ധതി നടത്തിപ്പിൽ അപാകത | 3-1 |
| 14 | മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ വീഴ്ച; 4 കോടി രൂപ അടങ്കലുള്ള 92 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല | 3-2 |
| 15 | പ്രോജക്ടുകളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തിന്റെ ഫലക്ഷമത ഇല്ലാതാക്കുന്നു | 3-3 |
| 16 | നിർമ്മാണം പൂർത്തീകരിച്ചിട്ടും പദ്ധതികൾ സ്പിൽ ഓവറായി തുടരുന്നു | 3-4 |
| 17 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയതിന്റെ ഔദ്യോഗിക കൈപ്പറ്റ് രസീത് ഇല്ല | 3-5 |
| 18 | കുടിവെള്ളക്കിണർ നിർമ്മാണം - കിണർ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തിയില്ല | 3-6 |
| 19 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് നാളിതുവരെ തിരികെ വാങ്ങിയിട്ടില്ല | 3-7 |
| 20 | ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു | 3-8 |
| 21 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് നൽകുന്നില്ല | 3-9 |
| 22 | പിരിച്ചെടുത്ത ലൈബ്രറി സെസ്സ് തനതുഫണ്ടിൽ സൂക്ഷിക്കുന്നു | 3-10 |
| 23 | തനതുഫണ്ടിൽ അവശേഷിക്കുന്ന മറ്റ് ഫണ്ടുകൾ 38.9ലക്ഷം | 3-11 |
| 24 | മരുന്ന് വാങ്ങൽ പ്രോജക്ടുകൾ - അടച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചില്ല | 3-12 |
| | ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 25 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (2016-17) | 4-1 |
| 26 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 28 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തിയ്യതി | 02.03.2016 |
| ബജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തിയ്യതി | 05.03.2016 |

അടുത്ത സാമ്പത്തികവർഷം സ്ഥാപനത്തിന് ലഭിക്കാനുള്ള വരവിനങ്ങളും പ്രതീക്ഷിത ചെലവുകളും സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് തുകകൾ കണക്കാക്കേണ്ടത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ബജറ്റിൽ വിഭാവനം ചെയ്തിരുന്നതും യഥാർത്ഥത്തിൽ സ്ഥാപനം ആർജ്ജിച്ചതുമായ വരുമാനത്തിൽ വ്യത്യാസം ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി | 3200000 | 3902671 | 702671 |
| ഡി ആന്റ് ഒ ലൈസൻസ് ഫീ | 160000 | 99380 | 60620 |
| വിനോദ നികുതി | 0 | 24000 | 24000 |
| സേവന നികുതി | 960000 | 1171174 | 211174 |
| ലേലം | 10000 | 1012 | -8988 |

വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതികൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി ഭരണസമിതിയുടെ അംഗീകാരം തേടേണ്ടതുണ്ട്. അപ്രകാരം 2016-17 സാമ്പത്തിക വർഷം ബജറ്റ് പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ

വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 12144361 | 8852504 | -3291857 |
| വരവ് | 117557000 | 60328833 | -57228167 |
| ആകെ | 129701361 | 69181337 | -60520024 |
| ചെലവ് | 123445800 | 56750160 | -66695640 |
| നീക്കിയിരിപ്പ് | 6255561 | 12431177 | 6175616 |

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രികയുടെ പരിശോധന

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനത ഉണ്ട്.

വസ്തു നികുതി സംബന്ധിച്ച് ഷെഡ്യൂൾ I-1 ൽ കാണിച്ചിരിക്കുന്ന ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയറിൽ നൽകിയിരിക്കുന്ന ഡിമാന്റ് തുകയുമായി വ്യത്യാസമുണ്ട്. വിവിധ വാർഡുകളിലായി പൊളിച്ചുകളഞ്ഞ കെട്ടിടങ്ങൾ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 8852504 |
| വരവ് | 60328833 |
| ആകെ | 69181337 |
| ചെലവ് | 56750160 |
| നീക്കിബാക്കി | 12431177 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ബജറ്റ് വിഹിതം | *വരവ്* | *ചെലവ്* | *ബാലൻസ്* | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 11671117 | 11671117 | 10146600 | 1524517 | 86.94 |
| എസ്.സി.പി | 9066459 | 9066459 | 7836604 | 1229855 | 86.44 |
| റ്റി.എസ്.പി | 10086 | 10086 | 10086 | 0 | 100 |
| ലോകബാങ്ക് ധനസഹായം | 3432976 | 3432976 | 2600464 | 832512 | 75.75 |
| സി.എഫ്.സി ഗ്രാന്റ് | 6545079 | 6545079 | 6545079 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 32360580 | 32360580 | 6278918 | 26081662 | 19.4 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 3126270 | 3126270 | 916943 | 2209327 | 29.33 |
| ആകെ | 66212567 | | 34334694 | 31877873 | 51.86 |

19.09.2015-ലെ ജി.ഒ(പി) നം.419/2015/ധന ഉത്തരവ് പ്രകാരം 2015-16 വർഷം മുതൽ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് എന്നിവയ്ക്ക് നീക്കിയിരുപ്പില്ല. നീക്കിയിരുപ്പായി കാണിച്ച തുകകൾ സ്പിൽ ഓവർ പ്രോജക്ടുകൾക്കായി 2017-18 വർഷം സ്പെഷ്യൽ ആലോട്ട്മെന്റായി അനുവദിക്കുന്നതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 212 | 115 | 1 | 96 | 54.25 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 21 | 6885503 | 19 | 2489739 | 36.16 |
| സേവനം | 50 | 24239046 | 37 | 14133482 | 58.31 |
| പശ്ചാത്തലം | 121 | 52738785 | 44 | 13468840 | 25.54 |
| മേഖലാ വിഭജനത്തിൽപ്പെടാത്തത് | 20 | 11787336 | 16 | 9865909 | 83.7 |
| ആകെ | 212 | 95650670 | 116 | 39957970 | 41.77 |

ഉല്പാദന, പശ്ചാത്തല മേഖലകളിൽ പദ്ധതിപ്പണം ചെലവഴിച്ചതിൽ വലിയ വിഴ്ചയുണ്ടായിട്ടുണ്ട്. പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലും സമയബന്ധിതമായി നടപ്പിലാക്കുന്നതിലും അധികൃതരുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

## 1-6 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6306011 | 8965560 | 2659549 | 42.17 |
| നികുതിയേതര വരവുകൾ | 1493912 | 1207494 | -286418 | -19.17 |
| മറ്റ് വരവുകൾ | 326524 | 473200 | 146676 | 44.92 |
| ആകെ | 8126447 | 10646254 | 2519807 | 31.01 |

നികുതിയിനങ്ങളിലുള്ള വരവിൽ വർദ്ധനവുണ്ടായിട്ടുള്ളത് പ്രശംസനീയമാണ്. എന്നാൽ നികുതിയേതര വരുമാനത്തിലുണ്ടായ 19 ശതമാനത്തിന്റെ കുറവ് ശ്രദ്ധയിൽപ്പെടുത്തുന്നു. ലൈസൻസ് ഫീസ് ഉൾപ്പെടെയുള്ള വരുമാന സ്രോതസ്സുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തേണ്ടതാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.05.2017 10.30 AM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 42587 രൂപ നീക്കിയിരിപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 15.02.2017 | 01/2017 | 17.04.2017 |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 12.01.2016 | 2010-11 മുതൽ 2014-15 വരെ | 11.02.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന്റെ വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന് 2009, 2013 വർഷങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളെ വസ്തുനികുതി ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. ടി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ലാത്ത വിവരം 2015-16 വർഷത്തെ ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഓഡിറ്റ് റിപ്പോർട്ടിൽ ഈ വിഷയം സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തുകയും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടുകൂടി കെട്ടിടങ്ങളുടെ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ വിഷയത്തിൽ നാളിതുവരെ യാതൊരുവിധ നടപടികളും അധികൃതർ സ്വീകരിച്ചിട്ടില്ല. ഇത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിച്ച് വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കാത്ത പക്ഷം ഗ്രാമപഞ്ചായത്തിന് വരവിനത്തിൽ നഷ്ടമാകുന്ന തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതിന് നിയമ നടപടി സ്വീകരിക്കുന്നതാണ്.

## 2-2 സഹകരണബാങ്ക് കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി

ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന ഏറത്ത് സർവ്വീസ് സഹകരണ സംഘത്തിന്റെ കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നില്ല. കെട്ടിടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം |
|---|---|

| | |
|---|---|
| 13/307 | 30 $m^2$ |
| 13/308 | 40 $m^2$ |

ടി കെട്ടിടങ്ങളുടെ വസ്തുനികുതി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച് കുടിശ്ശികയടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സമാനമായ പഞ്ചായത്ത് പരിധിയിലുള്ള നാളിതുവരെ വസ്തു നികുതി ഈടാക്കാത്ത കെട്ടിടങ്ങൾ കണ്ടെത്തി നികുതി ഈടാക്കുന്നതിന് സെക്രട്ടറിയും ഭരണ സമിതിയും അടിന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വിമുക്തഭടന്മാർക്ക് അനർഹമായി വസ്തുനികുതി ഇളവ് അനുവദിച്ചു

ജി.ഒ (എം.എസ്സ്) 242 / 2013/ത.സ്വ.ഭ.വ തീയതി 02/07/2013-നമ്പർ ഉത്തരവ് പ്രകാരം വിമുക്തഭടന്മാർക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിക്കാവുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയായി (185.8 ച.മീ) നിജപ്പെടുത്തിയിരുന്നു. വസ്തുനികുതി ഈടാക്കുന്നത് സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ, താഴെ പറയുന്ന വിമുക്തഭടന്മാരുടെ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 185.8 ച.മീറ്ററിന് മുകളിലായിരുന്നിട്ടും 2016-17 സാമ്പത്തിക വർഷം വസ്തുനികുതി ഒടുക്കുന്നതിൽ ഇളവ് അനുവദിച്ച് നൽകി.

| ക്രമ നം | പേര്, മേൽവിലാസം | തറ വിസ്തീർണ്ണം | നികുതി നിർണ്ണയിച്ചത് | | | |
|---|---|---|---|---|---|---|
| | | | വസ്തു നികുതി | ലൈബ്രറി സെസ്സ് | സേവന നികുതി | ആകെ |
| 1 | രാജൻ.കെ<br>ആർ.ആർ നിവാസ്<br>വാർഡ് VIII/139 | 210 $M^2$ | 1386 | 70 | 416 | 1872 |
| 2 | എം.ജെ.ജോസഫ്<br>അജി ഭവനം<br>വാർഡ് IX/117 | 210 $M^2$ | 1386 | 70 | 416 | 1872 |
| 3 | രാമചന്ദ്രൻ നായർ<br>പൗർണ്ണമി<br>XII/42 | 210 $M^2$ | 1386 | 70 | 416 | 1872 |

വിമുക്തഭടന്മാരുടെ പേരിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ സർക്കാർ നിർദ്ദേശം നിലവിലുള്ളപ്പോൾ അത് ലംഘിച്ചുകൊണ്ടാണ് ടി കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് അനുവദിച്ചത്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വസ്തുനികുതി ഇളവ് അനുവദിച്ച മേൽകെട്ടിടങ്ങൾക്ക് നികുതി ചുമത്തി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പഞ്ചായത്ത് ഫണ്ടിന്റെ നഷ്ടമായി കണക്കാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുവാൻ ഓഡിറ്റ് നിയമ നടപടി സ്വീകരിക്കുന്നതാണ്.

ജി.ഒ (എം.എസ്സ്) 242 / 2013/ത.സ്വ.ഭ.വ തീയതി 02/07/2013-നമ്പർ ഉത്തരവ് പ്രകാരം വസ്തുനികുതി ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്കായി വിമുക്തഭടന്മാരുടെ അപേക്ഷകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. 2016-17 സാമ്പത്തിക

വർഷം വസ്തുനികുതി ഇളവിനായി വിമുക്തഭടന്മാർ സമർപ്പിച്ച അപേക്ഷകളിൽ നികുതിയിളവ് അനുവദിക്കുന്നതിനോ നിരസിക്കുന്നതിനോ ഗ്രാമപഞ്ചായത്ത് അധികാരികൾ എടുത്തിട്ടുള്ള തീരുമാനം സംബന്ധിച്ച വിവരവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 2-4 വസ്തുനികുതി പരിഷ്കരണത്തിലെ അപാകതകൾ

14-01-2011 ലെ സ.ഉ.(അ).നം. 20/11/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും 13-3-2013 ലെ സ.ഉ.(പി). നം. 88/13/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിരുന്നു. ഇവയിന്മേൽ കൂടുതൽ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് 27.04.2015-ലെ സ.ഉ.(എം.എസ്) നം.144/15 ത.സ്വ.ഭ.വ നമ്പർ ഉത്തരവും പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വാസഗൃഹങ്ങൾ, വാണിജ്യാ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്നിവയ്ക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി പരിഷ്കരിക്കുമ്പോൾ ഉണ്ടാകുന്ന വർദ്ധനയ്ക്ക് ചില പരിധികളും നിശ്ചയിച്ചിരുന്നു. എന്നാൽ ഈ വിഭാഗത്തിലെ കെട്ടിടങ്ങൾ ഒഴികെയുള്ളവയ്ക്കൊന്നും നികുതി വർദ്ധനയ്ക്ക് പരിധി നിശ്ചയിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ, ഓഫീസ് ആവശ്യത്തിനായി ഉപയോഗിക്കുന്ന താഴെച്ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിച്ചപ്പോൾ ഈടാക്കേണ്ട വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവുണ്ടായി.

| ക്രമ നം. | കെട്ടിട ഉടമസ്ഥന്റെ പേര് കെട്ടിടത്തിന്റെ വിവരങ്ങൾ | അടിസ്ഥാന വസ്തുനികുതി ₹ 45/m2 | അടിസ്ഥാന നികുതിയിലുള്ള ഇളവ്/വർദ്ധന | നിർണ്ണയിക്കേണ്ട വസ്തുനികുതി | നിർണ്ണയിച്ച വസ്തുനികുതി | നികുതി നിർണ്ണയത്തിൽ ഉണ്ടായ കുറവ് |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി<br>NSS കരയോഗ മന്ദിരം<br>No.647, Ward III/342<br>40 $m^2$ | 40x45 = 1800 | ഇളവ്<br>മേഖല-10%<br>പഴക്കം-10% | 1440 | 270 | 1170 |
| 2 | കമാന്റൻഡ്<br>KAP III ബറ്റാലിയൻ<br>Ward IV/446<br>30 $m^2$ | 30x45 = 1350 | ഇളവ്<br>മേഖല-10%<br>പഴക്കം-10%<br>വഴി-10% | 945 | 39 | 906 |
| 3 | കമാന്റൻഡന്റ്<br>KAP III ബറ്റാലിയൻ<br>Ward IV/447<br>30 $m^2$ | 30x45 = 1350 | ഇളവ്<br>മേഖല-10%<br>പഴക്കം-10%<br>വഴി-10% | 945 | 43 | 902 |
| 4 | സെക്രട്ടറി<br>NSS കരയോഗ മന്ദിരം | 18x45 = 810 | ഇളവ്<br>മേഖല-10% | 648 | 203 | 445 |

| | | | | | | |
|---|---|---|---|---|---|---|
| | No.377, Ward V/36<br>18 $m^2$ | | പഴക്കം-10% | | | |
| 5 | സെക്രട്ടറി<br>സിദ്ധനർ സർവ്വീസ് സൊസൈറ്റി, No.145<br>Ward V/260, 10 $m^2$ | 10x45 =<br>450 | ഇളവ്<br>മേഖല-10%<br>പഴക്കം-10%<br>മേൽക്കൂര-10% | 315 | 25 | 290 |
| 6 | സെക്രട്ടറി<br>എസ്.എൻ.ഡി.പി യോഗം<br>Ward V/390, 28 $m^2$ | 28x45 =<br>1260 | ഇളവ്<br>മേഖല-10%<br>പഴക്കം-10% | 1008 | 18 | 990 |
| 7 | റോയി അലക്സാണ്ടർ<br>മുല്ലവേലിൽ വീട്<br>Ward VIII/134, 26 $m^2$ | 26x45 =<br>1170 | ഇളവ്<br>പഴക്കം-10%<br>വർദ്ധനവ്<br>വഴി-20% | 1287 | 203 | 1084 |
| 8 | കേരള വാട്ടർ അതോറിറ്റി വക കെട്ടിടം<br>Ward VIII/281, 25 $m^2$ | 25x45 =<br>1125 | ഇളവ്<br>മേഖല-10%<br>പഴക്കം-10%<br>മേൽക്കൂര-10% | 788 | 203 | 585 |
| 9 | കുറവർ മഹാസഭ മന്ദിരം<br>Ward X/335, 37 $m^2$ | 37x45 =<br>1665 | ഇളവ്<br>പഴക്കം-10%<br>വർദ്ധനവ്<br>വഴി-20% | 1832 | 23 | 1809 |
| 10 | സെക്രട്ടറി<br>NSS കരയോഗ മന്ദിരം<br>No.696, Ward XIV/159<br>49 $m^2$ | 49x45 =<br>2205 | ഇളവ്<br>പഴക്കം-10%<br>മേൽക്കൂര-10%<br>വർദ്ധനവ്<br>വഴി-20% | 1985 | 48 | 1937 |
| 11 | കമാന്റൻഡ് | 950x45 = | ഇളവ് | 34200 | 2873 | 31327 |

| | | | | | | |
|---|---|---|---|---|---|---|
| | KAP III ബറ്റാലിയൻ Ward IV/483 950 $m^2$ | 42750 | മേഖല-10% പഴക്കം-10% | | | |
| 12 | കമാന്റൻഡ് KAP III ബറ്റാലിയൻ Ward IV/486 140 $m^2$ | 140x45 = 6300 | ഇളവ് മേഖല-10% പഴക്കം-10% | 5040 | 2873 | 2167 |
| 13 | കമാന്റൻഡ് KAP III ബറ്റാലിയൻ Ward IV/487 140 $m^2$ | 140x45 = 6300 | ഇളവ് മേഖല-10% പഴക്കം-10% | 5040 | 1500 | 3540 |
| 14 | കമാന്റൻഡ് KAP III ബറ്റാലിയൻ Ward IV/488 140 $m^2$ | 140x45 = 6300 | ഇളവ് മേഖല-10% പഴക്കം-10% | 5040 | 1650 | 3390 |
| 15 | കമാന്റൻഡ് KAP III ബറ്റാലിയൻ Ward IV/489 140 $m^2$ | 140x45 = 6300 | ഇളവ് മേഖല-10% പഴക്കം-10% | 5040 | 1650 | 3390 |
| 16 | കമാന്റൻഡ് KAP III ബറ്റാലിയൻ Ward IV/490 140 $m^2$ | 140x45 = 6300 | ഇളവ് മേഖല-10% പഴക്കം-10% | 5040 | 1650 | 3390 |
| 17 | കമാന്റൻഡ് KAP III ബറ്റാലിയൻ Ward IV/495, 140 $m^2$ | 140x45 = 6300 | ഇളവ് മേഖല-10% പഴക്കം-10% | 5040 | 1650 | 3390 |

| | | | | | | |
|---|---|---|---|---|---|---|
| 18 | കമാന്റൻഡ്<br>KAP III<br>ബറ്റാലിയൻ<br>Ward IV/497<br>140 $m^2$ | 140x45 =<br>6300 | <u>ഇളവ്</u><br>മേഖല-10%<br>പഴക്കം-10% | 5040 | 1650 | 3390 |
| 19 | കമാന്റൻഡ്<br>KAP III<br>ബറ്റാലിയൻ<br>Ward IV/500<br>140 $m^2$ | 140x45 =<br>6300 | <u>ഇളവ്</u><br>മേഖല-10%<br>പഴക്കം-10% | 5040 | 1650 | 3390 |
| 20 | കമാന്റൻഡ്<br>KAP III<br>ബറ്റാലിയൻ<br>Ward IV/500<br>30 $m^2$ | 30x45 =<br>1350 | <u>ഇളവ്</u><br>മേഖല-10%<br>പഴക്കം-10% | 1080 | 43 | 1037 |
| | | | ആകെ | 86793 | 18264 | 68529 |

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട, മേൽ സൂചിപ്പിച്ച അപാകതകൾ പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ സവിശേഷശ്രദ്ധ ക്ഷണിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികളും പുരോഗതിയും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹന വിതരണം - പദ്ധതി നടത്തിപ്പിൽ അപാകത</u>

ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ നൽകുന്നതിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം 16 ഗുണഭോക്താക്കൾക്ക് വാഹനം വാങ്ങി നൽകുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ (62,500) മാക് ഇന്ത്യ ഓട്ടോമൊബൈൽസ് pvt Ltd പെരുന്തൽമണ്ണ എന്ന അംഗീകൃത സ്ഥാപനത്തിന് 10,00,000 രൂപ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നം./തീയതി |
|---|---|---|---|
| 35/17 വികലാംഗർക്ക് യന്ത്രവൽകൃത മുച്ചക്ര വാഹനം(ജനറൽ) | 1000000 | 1000000 | 10/16-17<br>തീയതി 4.11.16 |

പ്രസ്തുത പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ലൈസൻസ് ഇല്ലാത്തവരെ ഗുണഭോക്താക്കളായി <u>തെരഞ്ഞെടുത്തു.</u>

വാഹനം ഓടിക്കാൻ ലൈസൻസ് ലഭിച്ചിട്ടില്ലാത്തവരെയാണ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ലൈസൻസില്ലാതെ വാഹനം ഓടിക്കുന്നത് കുറ്റകരവും ശിക്ഷാർഹവുമാണെന്ന് മാത്രമല്ല അപകടം സംഭവിച്ചാൽ ഇൻഷ്വറൻസ് പരിരക്ഷയും ലഭിക്കില്ല. ഈ വസ്തുതകളൊന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ചില്ല.

ബി) ഇരട്ടിപ്പ് ഉണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയില്ല

പഞ്ചായത്തിൽ നിന്നും സ്കൂട്ടർ ലഭിച്ച ഗുണഭോക്താക്കൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.10/2017 തീയതി 26.05.2017) വാഹനാനുകൂല്യം നൽകുന്നതിനായി തെരഞ്ഞെടുത്ത 16 ഗുണഭോക്താക്കളോടും ലൈസൻസ് നേടുന്നതിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും സൈഡ് വീൽ ഘടിപ്പിച്ച വാഹനം പരിശീലനത്തിനും ടെസ്റ്റിനും ലഭ്യമാക്കാൻ ഡ്രൈവിംഗ് സ്കൂളുകൾ ഇല്ലാതിരുന്നതിനാലാണ് ലൈസൻസ് എടുക്കുന്നതിന് കഴിയാതിരുന്നത് എന്നും എന്നാൽ ഇപ്പോൾ ലൈസൻസ് ലഭ്യമായിട്ടുണ്ടെന്നും, ആയതിന്റെ പകർപ്പുകൾ, ബ്ലോക്കിൽ നിന്നും ഗുണഭോക്താക്കൾക്ക് പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്നതിന്റെ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റന്വേഷണത്തെത്തുടർന്ന് (നം.10/26.05.2017) ഹാജരാക്കുന്ന എന്നറിയിച്ചെങ്കിലും ഇവയൊന്നും മറുപടിയോടൊപ്പം ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടി പദ്ധതിയാക്കായി ചെലവഴിച്ച 10,00,000 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 <u>മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ വീഴ്ച; 4 കോടി രൂപ അടങ്കലുള്ള 92 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല</u>

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

*<u>സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ ഗുരുതരമായ വീഴ്ച</u>*

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കാതിരുന്നതുമൂലം 4 കോടി അടങ്കലുള്ള 92 പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥന് സാധിച്ചില്ല എന്ന് മാത്രമല്ല സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗ രേഖ പ്രകാരം (സ.ഉ.(എം.എസ്.)നമ്പർ 362/2013/തസ്വഭവ, തീ.16.11.13, ഖ: 11.13.(xii)(ഇ)) ഒരു സ്പിൽ ഓവർ പ്രോജക്ട് സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം നടപ്പിലാക്കാതിരുന്ന 122 മരാമത്ത് പ്രവൃത്തികളിൽ 6314859 രൂപ അടങ്കലുള്ള 23 പ്രവൃത്തികളും സ്പിൽ ഓവർ പ്രവൃത്തികളായിരുന്നു. ഇതിൽ നാല് പ്രവൃത്തികൾ മാത്രമാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. പ്രവൃത്തികൾക്ക് എഗ്രിമെന്റ് വെച്ചതിനുശേഷം യഥാസമയം പ്രവൃത്തി നടത്താതെ കരാർ ലംഘനം നടത്തിയ ഗുണഭോക്തൃസമിതി കൺവീനർമാർക്കെതിരെ യാതൊരു നടപടികളും നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല.

പൊതുമരാമത്ത് മേഖലയിൽ അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുകയും, അവയിൽ നല്ലൊരുഭാഗം പ്രവൃത്തികളുടെയും നിർവ്വഹണം യഥാസമയം പൂർത്തിയാക്കാനാവാതെ വർഷങ്ങളോളം നീണ്ടുപോകുകയും ചെയ്യുന്ന സ്ഥിതിയാണ് നിലവിലുള്ളത്. (ഉദാ: അറവുശാല നിർമ്മാണം, പൊതുശ്മശാനം നിർമ്മിക്കൽ) പ്രോജക്ട് തയ്യാറാക്കിയതിലൂടെ ജനങ്ങൾക്ക് നല്കിയ വാഗ്ദാനം ലംഘിക്കുന്നതിനോപ്പം തൻവർഷം ചെലവഴിക്കേണ്ട വൻതുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും ഇത് കാരണമാകുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടെ ഭാഗത്തുനിന്നും ആവശ്യമായ തിരുത്തൽ നടപടികൾ ഉണ്ടാകേണ്ടതാണ്.

## 3-3 <u>പ്രോജക്ടുകളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തിന്റെ ഫലക്ഷമത ഇല്ലാതാക്കുന്നു</u>

പ്രോജക്ടുകളുടെ ബാഹുല്യം ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയെയും, ഫലക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്നു. 2016-17 സാമ്പത്തിക വർഷം 212 പ്രോജക്ടുകൾ

ആവിഷ്കരിച്ചുവെങ്കിലും 116 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലായത്. 95.65 ലക്ഷം രൂപ പദ്ധതി അടങ്കലായി നിശ്ചയിച്ചുവെങ്കിലും 39.95 ലക്ഷം രൂപ മാത്രമാണ് ചെലവിട്ടത് (41%). പൊതുമരാമത്ത് പ്രവൃത്തികൾക്കായി 126 പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും നടപ്പിലാക്കിയത് 35 എണ്ണം മാത്രമാണ്. പ്രോജക്ടുകളുടെ എണ്ണം വൻതോതിൽ കുറച്ച് പദ്ധതിപ്പണം പൂർണ്ണമായി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

വർഷങ്ങളായി സ്പിൽ ഓവറായി പല പ്രോജക്ടുകളും തുടരുന്നു. പൊതുശ്മശാനം, അറവുശാല നിർമ്മാണം, പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ വയറിംഗ് പ്ലംബിംഗ് വാട്ടർ കണക്ഷൻ, വയല ഗവ.യു.പി.എസ്. പുനരുദ്ധാരണം എന്നിവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. പൊതുശ്മശാനം, അറവുശാല നിർമ്മാണം എന്നീ പ്രോജക്ടുകൾ പദ്ധതി അംഗീകാരം ലഭിക്കുന്നതിന് വേണ്ടി മാത്രം തുടരുന്നവയാണെന്നും നിർവ്വഹണത്തിന് യോഗ്യമല്ല എന്നും ഓഡിറ്റ് വിലയിരുത്തുന്നു (അസി.എഞ്ചിനീയർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളതും അപ്രകാരമാണ്). പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 34 | 19 | 16400086 | 10805401 | 65 |
| അസി.സെക്രട്ടറി | 6 | 6 | 3975000 | 3730600 | 93 |
| അസി. എഞ്ചിനീയർ | 126 | 35 | 51585748 | 9397307 | 18 |
| വെറ്ററിനറി സർജൻ | 9 | 8 | 3425000 | 1854639 | 54 |
| വി.ഇ.ഒ | 10 | 7 | 9398200 | 6255050 | 66 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 2 | 2 | 1097383 | 927115 | 84 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 300000 | 300000 | 100 |
| കൃഷി ഓഫീസർ | 10 | 9 | 2995420 | 905747 | 30 |
| ഡി.ഇ.ഒ | 1 | 1 | 260000 | 259649 | 99 |

മുകളിൽ സൂചിപ്പിച്ചതിൻ പ്രകാരം സെക്രട്ടറി, എന്നിവരുടെ പദ്ധതി ചെലവുകൾ 70 ശതമാനത്തിൽ താഴെ ആയിരിക്കുമ്പോൾ അസ്സിസ്റ്റന്റ് എഞ്ചിനീയറുടേതാകട്ടെ 20 ശതമാനത്തിലും താഴെയാണ്. 126 പ്രോജക്ടുകളാണ് അസ്സിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി നൽകിയത്. നടപ്പിലാക്കുവാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നത് മൂലം അവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധ്യമാകും. ഇപ്രകാരം ചെയ്യുന്നതിലൂടെ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിക്കും.

## 3-4 നിർമ്മാണം പൂർത്തീകരിച്ചിട്ടും പദ്ധതികൾ സ്പിൽ ഓവറായി തുടരുന്നു

2016-17 സാമ്പത്തിക വർഷം സ്പിൽ ഓവറായി തുടരുന്ന 25-ാം നമ്പർ കിളിവയൽ അംഗൻവാടി മെയിന്റനൻസ് (പ്രോജ.നം.24/17), കാർഷിക പരിശീലന കേന്ദ്രം പുനരുദ്ധാരണം (പ്രോജ.നം.21/17) എന്നിവയുടെ ഫയൽ പരിശോധിച്ചതിൽ യഥാക്രമം 2014-15, 2013-14 എന്നീ വർഷങ്ങളിൽ 150000, 314800 അടങ്കലിൽ ആവിഷ്കരിച്ച പദ്ധതികളാണിവയെന്നു കാണുന്നു. ടി പദ്ധതികൾ പൂർത്തീകരിച്ചതിന്റെയടിസ്ഥാനത്തിൽ (എസ്റ്റിമേറ്റ്,

എം.ബുക്ക് എന്നിവയിലെ രേഖപ്പെടുത്തലുകൾ പ്രകാരം) പ്രവർത്തിയുടെ ഫൈനൽ ബിൽ തുക കൺവനീർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്നും പ്രസ്തുത പദ്ധതികൾ സ്പിൽ ഓവറായി തുടരുന്നത് പദ്ധതി ആവിഷ്കരണത്തിന്റെ പിഴവുമൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആവശ്യമില്ലാത്ത പദ്ധതികളിൽ വകയിരുത്തി തുക ലാപ്സാക്കുന്ന പ്രവണത ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയതിന്റെ ഔദ്യോഗിക കൈപ്പറ്റ് രസീത് ഇല്ല

2016-17 സാമ്പത്തിക വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 55232 രൂപ (അസി. എഞ്ചിനിയർ ലഭ്യമാക്കിയ ഫയൽ പ്രകാരം) ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി അയച്ചിട്ടുള്ളതായി കാണുന്നു. രജിസ്റ്റേർഡ് തപാലിൽ അയച്ചതിന്റെ കൈപ്പറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുക ക്ഷേമ നിധി ബോർഡ് അക്കൗണ്ടിൽ വരവ് വച്ചതിന്റ ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷം ആകെ ഈടാക്കി ഒടുക്കിയ ക്ഷേമനിധി തുക ബോർഡിന്റെ കണക്കിൽ വരവ് വച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തിയും ആയതിന്റെ ഔദ്യോഗിക രസീത് ലഭ്യമാക്കിയും വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-6 കുടിവെള്ളക്കിണർ നിർമ്മാണം - കിണർ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തിയില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽപ്പെടുത്തി കുടിവെള്ളക്കിണർ നിർമ്മിക്കുമ്പോൾ, എം.ജി.എൻ.ആർ.ഇ.ജി.എസ് മുഖേന കിണർ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിലെ [ജി.ഒ. (എം.എസ്) നം. 362/2013ത.സ്വ.ഭ.വ. തീയതി 13.11.2013] അനുബന്ധം 3.5-ൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

2016-17സാമ്പത്തികവർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ 'കിണർ നിർമ്മാണം'(പ്രോജക്ട് നം.40/17) എന്ന പ്രോജക്ട് പ്രകാരം ആറു പേർക്ക് കിണർ നിർമ്മാണത്തിനായി SCP ഫണ്ടിൽനിന്നും ആകെ 101000 നൽകിയിട്ടുണ്ട്. ((5x17000+1x16000)). എന്നാൽ ടി ആറ് ഗുണഭോക്താക്കളുടെ കിണറുകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തിയില്ല. പഞ്ചായത്തിൽ 2016-17ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം കിണർ റീചാർജ്ജ് പ്രവൃത്തികൾ യാതൊന്നും ഏറ്റെടുത്തു നടത്തിയിട്ടില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ജലസുഭിക്ഷ സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതിയുടെ മാർഗ്ഗരേഖ [ജി.ഒ.(എം.എസ്) നം.161/2016 തീയതി 09.11.2016] പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എല്ലാ കിണറുകളിലും റീചാർജജിംഗ് ഏർപ്പെടുത്തണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. രൂക്ഷമായ കുടിവെള്ള ക്ഷാമമുള്ള ഗ്രാമ പഞ്ചായത്തിൽ കിണർ റീചാർജ്ജ് സംവിധാനം അത്യന്താപേക്ഷിതമായതിനാൽ സർക്കാർ നിർദ്ദേശം കർശനമായും പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് നാളിതുവരെ തിരികെ വാങ്ങിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില(ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് നാളിതുവരെ ഗ്രാമപഞ്ചായത്ത് തിരികെ വാങ്ങിയിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും

നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15 പ്രകാരം 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500രൂപ എന്ന് നിശ്ചയിച്ചിരുന്നു. 5% വാറ്റ് ഉൾപ്പടെ കണക്കാക്കി വേണം ആകെ ടെണ്ടർ ഫീസ് വാങ്ങേണ്ടത്. ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഇ-ടെണ്ടർ സംബന്ധിച്ച വിവരങ്ങളുടെയടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന് വെബ് സൈറ്റിൽ നിന്നും (etenders-kerala.gov.in) ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 2016-17 വർഷം 69 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുകയും ടെണ്ടർ ഫീസ് ഇനത്തിൽ കരാറുകാർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ഓൺലൈൻ ആയി ആകെ 81730 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിവരങ്ങൾ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ വാങ്ങാൻ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടുമില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ ഈടാക്കി വാറ്റ് ഇനത്തിൽ ഈടാക്കിയ തുക വാണിജ്യ നികുതി വകുപ്പിൽ അടവാക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്ന തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയക്ക് മുതൽ കൂട്ടുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു

1. 2014-15 സാമ്പത്തിക വർഷം ആരംഭിച്ച എം.എൻ ലക്ഷം വീട് പദ്ധതിയുടെ ഭാഗമായി 17 ഗുണഭോക്താക്കളിൽ 16 പേരും ഭവന നിർമ്മാണം പൂർത്തീകരിച്ചു. ഓഡിറ്റ് വർഷം 165000 രൂപ സംസ്ഥാനാവിഷ്കൃത ഫണ്ടും 685000 രൂപ തനത് ഫണ്ടും വകയിരുത്തി സ്പിൽ ഓവറായി ആകെ 8.5 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിരുന്നു. ഇതിൽ 3.3 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 04.02.2014-ൽ കരാറിൽ ഏർപ്പെട്ട ശ്രീ.റെജി എ., ലക്ഷം വീട്-14, അന്തിച്ചിറ എന്ന ഗുണഭോക്താവ് നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ടിയാൻ രണ്ട് ഗഡുക്കളായി 80000 രൂപയാണ് കൈപ്പറ്റിയിട്ടുള്ളത്. തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗഡു | തുക | ചെക്ക് നമ്പർ |
|---|---|---|
| I st | 40000 | 006315/22.03.16 |
| II nd | 40000 | 009017/05.01.17 |

ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കുകയോ, നിർമ്മാണം പൂർത്തീകരിക്കുവാൻ ഗുണഭോക്താവിന് കഴിയാത്ത സാഹചര്യമാണെങ്കിൽ നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

2. ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച ചുവടെ ചേർക്കുന്നവർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ലഭിക്കേണ്ട ആകെ തുക | കൈപ്പറ്റിയ ഗഡുക്കൾ |
|---|---|---|---|
| 1 | സരസമ്മ<br>നെടിയകാലായിൽ<br>വടക്കിടത്തുകാവ് | 200000 | I 30000, 684735/23.01.12 |
| | | | II 40000, 684736/27.02.12 |
| 2 | ജാനകി<br>രതീഷ് ഭവനം<br>ചൂരക്കോട് | 200000 | I 30000, 684735/23.01.12 |
| | | | II40000, 684736/27.02.12 |
| | | | III 70000, 684740/16.08.12 |
| | | | IV 30000, |

| | | | |
|---|---|---|---|
| | | | 887521/09.10.12 |
| 3 | ബാബു<br>കുനിക്കൽ വീട്<br>വടക്കിടത്തുകാവ് | 75000 | I 22500, 006603/15.12.10 |
| | | | II 30000 , 596203/19.04.11 |
| | | | III 15000, 684735/23.01.12 |
| 4 | സജി<br>അരുവണ്ണൂർ<br>കാലായിൽ<br>വയല | 75000 | I 22500, 406909/25.06.10 |
| | | | II 30000, 006606/20.01.11 |

ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കുകയോ, നിർമ്മാണം പൂർത്തീകരിക്കുവാൻ ഗുണഭോക്താവിന് കഴിയാത്ത സാഹചര്യമാണെങ്കിൽ നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് നൽകുന്നില്ല

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന എല്ലാ വിദ്യാർത്ഥികൾക്കും പരമാവധി തുക സ്കോളർഷിപ്പ് നൽകുന്നതിൽ പഞ്ചായത്തധികൃതർ വിമുഖത കാട്ടുന്നു. എല്ലാ വിദ്യാർത്ഥികൾക്കും പരമാവധി തുക സ്കോളർഷിപ്പ് നൽകത്തക്കവണ്ണം അടങ്കൽ വകയിരുത്തി പദ്ധതി തയ്യാറാക്കാത്തതിനാൽ നാമമാത്രമായ ആളുകൾക്ക് മാത്രമേ ഇത് നൽകാൻ കഴിയുന്നുള്ളൂ. ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന, 18 വയസ്സിന് താഴെയുള്ള 44 ആളുകളും 18 വയസ്സിന് മുകളിലുള്ള 179 ആളുകളുമാണ് ഉള്ളത്. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വികസനഫണ്ട്, തനത്ഫണ്ട്, ബ്ലോക്ക് വിഹിതം എന്നിവ വകയിരുത്തി പദ്ധതി രൂപീകരിച്ച് 34 വിദ്യാർത്ഥികൾക്ക് (S0045/17) 388800 രൂപ ചെലവഴിച്ചിട്ടുണ്ട്. ശരാശരി 12000 രൂപയാണ് ഓരോ വിദ്യാർത്ഥിക്കും നൽകിയിട്ടുള്ളത്. പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 15,200 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 5300 രൂപ മുതൽ 19,500 രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുക വകയിരുത്തുകയും പരമാവധി ആളുകൾക്ക് സ്കോളർഷിപ്പ് നൽകാതിരിക്കുകയും ചെയ്തതിലൂടെ ഇത്തരത്തിൽ അവശത നേരിടുന്നവരെ ഗ്രാമപഞ്ചായത്ത് അവഗണിക്കുകയാണ് ചെയ്തത്.

പാർശ്വവത്ക്കരിക്കപ്പെട്ടും പലപ്പോഴും കുടുംബാംഗങ്ങളാൽ തിരസ്കരിക്കപ്പെട്ടും ദുരിതജീവിതം നയിക്കുന്ന അത്തരം ആളുകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് പ്രാദേശിക സർക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് ധാർമികമായ ബാധ്യതയുണ്ട്. ഭിന്നശേഷിയുള്ളവർക്കുവേണ്ടിയുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലും അവ സർക്കാർ വിഭാവനം ചെയ്ത രീതിയിൽ നടപ്പാക്കുന്നതിനും ആത്മാർത്ഥമായ ശ്രമം അധികൃതരിൽ നിന്ന് ഉണ്ടാവേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ സവിശേഷശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-10 പിരിച്ചെടുത്ത ലൈബ്രറി സെസ്സ് തനതുഫണ്ടിൽ സൂക്ഷിക്കുന്നു

ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക യഥാസമയം ലൈബ്രറി കൗൺസിലിൽ ഒടുക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷത്തെ തുകയായ 136854 രൂപ നാളിതുവരെ ഒടുക്കിയിട്ടില്ല.

20.09.2005 ലെ 10058/എൽ3/05/ത.സ്വ.ഭ.വ നമ്പർ സർക്കാർ സർക്കുലർ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30-നകവും, 2-ാംഗഡു നവംബർ 30-നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും, ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കുന്നതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുടിശ്ശിക തുക എത്രയും വേഗം ലൈബ്രറി കൗൺസിലിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 തനതുഫണ്ടിൽ അവശേഷിക്കുന്ന മറ്റ് ഫണ്ടുകൾ 38.9ലക്ഷം

വിവിധ പദ്ധതികളുടെ പഞ്ചായത്തുതല നടത്തിപ്പിനായി കേന്ദ്ര -സംസ്ഥാന സർക്കാരുകളും വിവിധ ഏജൻസികളും നൽകിയ ലക്ഷക്കണക്കിനു രൂപ പ്രസ്തുത ആവശ്യങ്ങൾക്ക് വിനിയോഗിക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ച് ചെലവഴിച്ചുവരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതി | ലഭിച്ച തുക | ചെലവ് | അവശേഷിക്കുന്ന തുക |
|---|---|---|---|
| എം.എൻ ലക്ഷംവീട് | 272500 | 0 | 272500 |
| ആർ.ജി.പി.എസ്.എ | 1500000 | 0 | 1500000 |
| വിമുക്തി | 25000 | 0 | 25000 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1716000 | 0 | 1716000 |
| ഐസിഡിഎസ് ബ്ലോക്ക് വിഹിതം | 720004 | 442639 | 277365 |
| ആകെ | 4233504 | 442639 | 3790865 |

പുകയില, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരായ ബോധവൽക്കരണ ക്യാമ്പുകളും സാമൂഹ്യ പ്രസക്തിയുള്ള പരിപാടികളും സംഘടിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പ് രൂപം കൊടുത്ത 'വിമുക്തി' പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന് നൽകിയ 25000 രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല. ലഹരിയുടെ വിപത്തിനെ ചെറുക്കുന്നതിനും അതുവഴി പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനുമുള്ള ഈ പദ്ധതി ഒരു ഉത്തരവാദിത്വമായി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് ശ്രദ്ധ ചെലുത്തേണ്ടതാണ്.

ശുചിത്വ മിഷൻ ഫണ്ട് ലഭ്യമായിട്ടും, ഖരമാലിന്യ നിർമ്മാർജ്ജനം പോലെ അതീവ പ്രാധാന്യമുള്ളതും ഗ്രാമപ്പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതുമായ കാര്യങ്ങൾ അവഗണിക്കപ്പെട്ട നിലയിലാണ്. പ്രസ്തുത ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

## 3-12 മരുന്ന് വാങ്ങൽ പ്രോജക്ടുകൾ - അടച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി, മെഡിക്കൽ ഓഫീസർ ആയുർവേദം എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകൾ പ്രകാരം മരുന്നും, രോഗികൾക്കാവശ്യമായ മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് വിവിധ സർക്കാർ ഏജൻസികൾക്ക് മുൻകൂറായി പണം നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ഇവ ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ.

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വിതരണ ഏജൻസി | ഫണ്ടിനം | അടച്ച തുക | ലഭിച്ച മരുന്നിന്റെ വിവരം | ലഭിക്കാനുള്ളത് |
|---|---|---|---|---|---|---|
| പാലിയേറ്റീവ് കെയർ (പ്രോജക്ട് നം.64/17) | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | വികസന ഫണ്ട് (ജനറൽ) | 505100 | ലഭിച്ചില്ല | 505100 |
| ആയൂർവേദ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ (പ്രോജക്ട് നം.145/17) | മെഡിക്കൽ ഓഫീസർ ആയൂർവേദം | ഔഷധി, പത്തനാപുരം | സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 300000 | 196000 | 104000 |

മേൽപ്പറഞ്ഞ പ്രോജക്ടുകൾ പ്രകാരം ലഭിക്കാനവശേഷിക്കുന്ന മരുന്നുകളും ഉപകരണങ്ങളും ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (2016-17)

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| സി.ഡി.പി.ഒ | 654166 | അനുപൂരക പോഷകാഹാരം | 442639 | 211527 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം., പ്രവൃത്തിയുടെ പേര് | തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|
| KSEB | 102/17 – തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 3556400 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |
| | 157/17 – കക്കാട് മൈലക്കൽ കോളനിയിൽ പൊക്കവിളക്ക് സ്ഥാപിക്കൽ | 300000 | |
| | 158/17 – ആദിക്കാട് പട്ടികജാതി കോളനിയിൽ പുതിയ വൈദ്യുതി ലൈൻ | 29250 | |
| KWA | 159/17 - പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈൻ | 1040375 | |
| | 104/17 – പൈപ്പ് ലൈൻ നീട്ടൽ | 1196400 | |
| | 160/17 - പട്ടികജാതി കോളനികളിൽ | 2177178 | |

| | | | |
|---|---|---|---|
| | കുടിവെള്ള പൈപ്പ് ലൈൻ | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ / വിനിയോഗം / വീഴ്ചകൾ എന്നിവയുടെ വിവരംവായ്പ തിരിച്ചടവിന്റെ വിവരം

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് കാലയളവിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 1996-97 | 3-30 | 270 | ശ്രീ.ബൽരാജ്, സെക്രട്ടറി | 11603900018 |
| | 3-32 | 4250 | | |
| | 3-33 | 6250 | | |
| | ആകെ | 10770 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 69181337 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56750160 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,00,000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10,00,000 | ശ്രീ.സുനിൽ കുമാർ ബി, സെക്രട്ടറി |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകൾ |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ പി3- 771/97 തീയതി 03.06.98 | 1 |
| 1996-97 | എൽ.എഫ്.പി.റ്റി.എ പി3-366/98 തീയതി 08.07.98 | 2 |
| 1997-98 | എൽ.എഫ്.പി.റ്റി.എ പി4-148/07തീയതി 04.12.07 | 1 |
| 1998-99 | എൽ.എഫ്.പി.റ്റി.എ പി4-149/07തീയതി 12.06.07 | 1 |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ പി4-481/07തീയതി 16.10.07 | 1 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ പി3-606/00തീയതി 14.08.01 | 3 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ പി2-453/04തീയതി 13.01.05 | |
| 2001-02(ചെലവ്) | എൽ.എഫ്.പി.റ്റി.എ പി4-703/06തീയതി 05.12.06 | |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ പി4-647/07തീയതി 16.10.07 | |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.പി.റ്റി.എ പി2-751/04തീയതി 05.04.05 | |
| 2003-04 | എൽ.എഫ്.പി.റ്റി.എ പി10-474/08തീയതി 27.02.10 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ പി10-479/08തീയതി 30.03.10 | |
| 2005-06 | എൽ.എഫ്.പി.റ്റി.എപി10-340/10തീയതി06.01.11 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ പി4-392/11തീയതി 22.11.12 | |
| 2007-08 to 10-11 | എൽ.എഫ്.പി.റ്റി.എ പി10-1113/12തീയതി20.03.13 | |
| 2011-12 & 12-13 | എൽ.എഫ്.പി.റ്റി.എപി10-588/14തീയതി27.10.14 | |
| 2013-14 | എൽ.എഫ്.പി.റ്റി.എപി10-322/15തീയതി12.06.15 /13.07.15 | |
| 2014-15 | എൽ.എഫ്.പി.റ്റി.എപി10-775/15തീയതി 26.08.2015 | |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി.10.1321/16 തീയതി 07.12.2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure - 1

# AUDIT CERTIFICATE

No.K.S.A.PTA.P10-669/2017 Dated : 22.06.2017

Certified that I have examined the Annual Financial Statement of Erathu Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Erathu Grama Panchayat for the year 2016-17 except the obeservations in the para.1-3 of my report, properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director

Kerala State Audit Department

Pathanamthitta

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി10-669/2017 തീയതി : .22.06.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട